(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കൈത്തറി-നെയ്ത്ത്-തൊഴിലാളി ക്ഷേമപദ്ധതി

5 (*275)ശ്രീ. പി. നാരായണൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി-നെയ്ത്ത് തൊഴിലാളി ക്ഷേമ പദ്ധതിയിൽ നാളിതുവരെ എത്ര തൊഴിലാളികളെ അംഗങ്ങളായി ചേർത്തിട്ടുണ്ട്;

(ബി) ഭൂരിപക്ഷം കൈത്തറി തൊഴിലാളികളും ക്ഷേമപദ്ധതിയിൽ അംഗങ്ങളായിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ക്ഷേമനിധി ബോർഡിന്റെ മുമ്പാകെ തീർപ്പാകാതെ പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കും വേണ്ടിയുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തു പരിഹാരനടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) 43793 പേർ

(ബി) ഇല്ല.

(സി) ഇല്ല. കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നുണ്ട്.

(ഡി) പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ലഭിക്കുന്നതിനുള്ള അപേക്ഷകൾ ത്വരിതഗതിയിൽ തീർപ്പാക്കുന്നുണ്ട്. ബോർഡിന് 3 മുതൽ 5 വരെ ജില്ലകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റീജിയണൽ ഓഫീസുകൾ മാത്രം പ്രവർത്തിക്കുന്നതിനാൽ, ജോലിഭാരംമൂലം അപേക്ഷകളിൽ തീരുമാനമെടുക്കുവാൻ കുറച്ച് കാലതാമസം നേരിടാറുണ്ട്. എന്നാൽ, അപേക്ഷകൾ നടപടി എടുക്കാതെ ഓഫീസുകളിൽ കെട്ടിക്കിടക്കുന്നില്ല.

ചെറുകിട വ്യവസായ യൂണിറ്റുകൾ നേരിടുന്ന ഭീഷണി

6 (*276)ഡോ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ് :
ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായ യൂണിറ്റുകൾ നേരിടുന്ന ഭീഷണികൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) നികുതി ഏകീകരണംമൂലം പ്രതിസന്ധി നേരിടുന്ന ചെറുകിട വ്യവസായ യൂണിറ്റുകളെ പരിരക്ഷിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ;

(സി) തടി അസംസ്കൃത വസ്തുവായി നടത്തുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സോഫ്റ്റ് വുഡ് ലഭിക്കുവാൻ പ്രയാസമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായ യൂണിറ്റുകൾ നേരിടുന്ന പ്രധാന ഭീഷണികൾ താഴെപറയുന്നവയാണ്.

(1) സാമ്പത്തികം

(2) ഉപഭോക്താക്കളിൽ നിന്നും പണം ലഭിക്കുന്നതിനുള്ള കാലതാമസം

(3) അടിസ്ഥാന സൗകര്യങ്ങളുടെ ദൗർലഭ്യം

(4) വിവിധ വകുപ്പുകളിൽനിന്നും ക്ലിയറൻസുകൾ ലഭിക്കുന്നതിനുള്ള കാലതാമസം

(5) അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യം

(6) ഉദാരവൽക്കരണം ആഗോളവൽക്കരണം എന്നിവയിൽനിന്ന് ഉളവാകുന്ന ഭീഷണികൾ

(7) തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ

(8) വിപണനമേഖലയിലെ മാന്ദ്യം

(9) സാങ്കേതിക സ്ഥാനമുള്ള തൊഴിലാളികളുടെ ആദായം

(10) പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന തകർച്ചയുടെ ഭീഷണി

മേൽ വിവരിച്ചിട്ടുള്ള പ്രശ്നങ്ങളുടെ പരിഹാരത്തിനായി സർക്കാർ സമഗ്രമായ ഒരു വ്യവസായനയം പ്രഖ്യാപിച്ച് വിവിധ നടപടികൾ സ്വീകരിച്ച് നടപ്പാക്കിവരുന്നു. ഇവയിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു.

1) ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സാമ്പത്തികസഹായം നൽകുന്നതിനായി ദേശസാൽകൃത ബാങ്കുകൾ വഴി പ്രവർത്തനമൂലധനം എളുപ്പത്തിൽ ലഭ്യമാക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ രൂപപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കെ.എഫ്.സി. തുടങ്ങിയ സംസ്ഥാനതല സാമ്പത്തിക സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി വരുന്നു.

2) ഉപഭോക്താക്കളിൽ നിന്നും പണം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി സർക്കാർ വകുപ്പുകൾ ഏജൻസികൾ എന്നിവയിൽ നിന്നുള്ള ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുവാനും പണം ഉടൻ ലഭ്യമാക്കാനുമുള്ള ഒരു പദ്ധതി സിഡ്കോവഴി നടപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

3) അടിസ്ഥാന സൗകര്യങ്ങളുടെ മികവ് വ്യവസായ വളർച്ചയ്ക്ക് സഹായകരമായിരിക്കും. ഇക്കാരണത്താൽ നിലവിലുള്ളവ മെച്ചപ്പെടുത്തുന്നതിനും പുതിയവ ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ നിക്ഷേപത്തിന്റെ സിംഹഭാഗവും നിലവിലുള്ള വ്യവസായ പാർക്കുകളിലും സ്ഥാപിക്കാനുദ്ദേശിക്കുന്ന പാർക്കുകളിലും ആയിരിക്കും പ്രത്യേകം ഊന്നൽ നൽകുന്ന മേഖലകൾക്കുവേണ്ടി അടിസ്ഥാന സൗകര്യങ്ങളും പൊതുസൗകര്യങ്ങളും ഉള്ള പാർക്കുകൾ ആരംഭിച്ചുവരുന്നു. ക്ലസ്റ്റർ മാതൃകയിലുള്ള വ്യവസായങ്ങൾ നടത്തുന്നതിന് ആവശ്യമായ മാതൃകാ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം നടത്തി ബോധവൽക്കരണം നടത്തിവരുന്നു.

(4) ചെറുകിട വ്യവസായ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി വിപണന ശൃംഖല സ്ഥാപിച്ചുവരുന്നു.

(5) കമ്പ്യൂട്ടറിന്റെ വ്യാപകമായ ഉപയോഗവും എല്ലാ ഗ്രാമങ്ങളെയും ഇന്റർനെറ്റ് വഴി ബന്ധിപ്പിക്കുകയും വഴി കേരളത്തെ ഒരു സോഫ്റ്റ് വെയർ വാലി ആക്കി മാറ്റാവുന്നതാണ്. ഇതിനായി ഒരു പുതിയ ഇൻഫർമേഷൻ ടെക്നോളജി നയം പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു.

(6) സാങ്കേതികജ്ഞാനമുള്ള വിദഗ്ധ തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിനായി പ്രത്യേക പരിശീലന പരിപാടികൾ നടപ്പാക്കിവരുന്നു.

(7) പരമ്പരാഗത വ്യവസായമായ ഓടു വ്യവസായം, കരകൗശല വ്യവസായം എന്നിവ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി നടപടികൾ എടുത്തുവരുന്നു.

(8) വ്യവസായ പാർക്കുകളിലും വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലും സ്ഥാപിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് ആവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിന് ക്യാപ്റ്റീവ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നടപടിയെടുത്തുവരുന്നു.

(9) വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഇടുക്കി, വയനാട് എന്നീ ജില്ലകളുടെ വളർച്ചയ്ക്കായി പ്രത്യേക വ്യവസായ പാർക്കുകൾ സ്ഥാപിച്ചുവരുന്നു. ഈ ജില്ലകളിൽ ഏർപ്പെടുത്തിയിട്ടുള്ള ഇൻകംടാക്സ് ഹോളിഡേ സൗകര്യം വ്യവസായ വികസനത്തെ സഹായിക്കുന്നതാണ്.

(10) വ്യവസായം ആരംഭിക്കുവാൻ ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും യഥാസമയം ലഭ്യമാക്കുന്നതിനായി നിയമസാധുതയോടുകൂടിയ സംസ്ഥാന ഏകജാലക സംവിധാനത്തിനും ജില്ലാതല ഏകജാലക സംവിധാനത്തിനും വ്യവസായ വികസന പ്രദേശ ഏകജാലക സംവിധാനത്തിനും രൂപംകൊടുത്തുകൊണ്ട് ആക്ട് പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞു.

(11) അസംസ്കൃത പദാർത്ഥങ്ങൾ സുലഭമായി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സിഡ്കോ വഴിയും വ്യവസായ വകുപ്പുവഴിയും സ്വീകരിച്ചുവരുന്നു.

(ബി) നികുതി ഏകീകരണ ഉത്തരവുപ്രകാരം 1.1.2000 ത്തിനു മുൻപ് വ്യവസായം തുടങ്ങാൻ നടപടികൾ സ്വീകരിക്കുകയും 31.12.2000 ത്തിനു മുൻപ് ഉൽപ്പാദനപ്രക്രിയ ആരംഭിക്കുകയും ചെയ്യുന്ന യൂണിറ്റുകൾക്ക് നിലവിലുള്ള വിൽപ്പനനികുതി നിയമത്തിന് വിധേയമായി നികുതിയിളവ് അനുവദിക്കുന്നതാണ്. അതുപോലെ നിലവിലുള്ള യൂണിറ്റുകൾ വികസനം/നവീക 1130/2010.

LIBRARY ARCHIVES Kerala Legislative Assembly

രണം/വൈവിധ്യവൽക്കരണം എന്നിവയ്ക്കുള്ള നടപടികൾ 1.1.2000 ത്തിനു മുൻപായി തുടങ്ങുകയും എന്നാൽ 31.12.2000 ത്തിനു മുൻപ് അവ പൂർത്തിയാക്കി ഉൽപ്പാദനം ആരംഭിച്ചാലും അവയ്ക്കും നിലവിലുള്ള നിയമം അനുസരിച്ച് നികുതിയിളവ് അനുവദിക്കുന്നതാണ്. ആയതിനാൽ അത്തരം വ്യവസായ യൂണിറ്റുകൾക്ക് പുതിയ വിൽപ്പന നികുതി നിയമം ബാധിക്കുകയില്ല. എന്നാൽ പുതിയ വിൽപ്പന നികുതി നിരക്കുമൂലം ചില ഉൽപ്പന്നങ്ങൾക്ക് നികുതി കൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. നടപടി സ്വീകരിച്ചുവരുന്നു.

കൈത്തറി വസ്ത്രങ്ങളുടെ വിൽപ്പന

7 (*277)ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുവാൻ ഗവൺമെന്റിന് എന്തെല്ലാം പരിപാടികളാണുള്ളത്;

(ബി) കൈത്തറി വസ്ത്രങ്ങളുടെ വിൽപ്പന വിപുലീകരിക്കുന്നതിന് എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നു;

(സി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന കൈത്തറി വസ്ത്രങ്ങൾക്ക് മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള കൈത്തറിതുണികളുമായി ഫലപ്രദമായി മത്സരിക്കുവാൻ എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നു എന്നു വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കൈത്തറി തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തിൽ, തറികൾ ഇല്ലാത്ത നെയ്ത്തുകാർക്ക് തറികൾ ലഭ്യമാക്കുക, പ്രാഥമിക കൈത്തറിസംഘങ്ങളിൽ സർക്കാർ ഓഹരിപങ്കാളിത്തം, ഉൽപ്പന്ന വൈവിദ്ധ്യത്തിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സിൽക്ക്, പോളിസ്റ്റർ തുടങ്ങിയ ഇനങ്ങൾ നെയ്യുന്നതിന് പ്രോത്സാഹനം, പ്രവർത്തനം മന്ദീഭവിച്ച ഫാക്ടറി ടൈപ്പു നെയ്ത്തു സംഘങ്ങളുടെ പുനരുദ്ധാരണം, ആധുനികവും ആകർഷണീയവുമായ ഡിസൈനുകളോടുകൂടിയ വസ്ത്രനിർമ്മാണത്തിന് പരിശീലനം, കയറ്റുമതി ഉൽപ്പന്നങ്ങളുടെ വിലയുടെ 20%, ഒരു വർഷം പരമാവധി 20 ലക്ഷം രൂപ വരെ സബ്സിഡി, കഴിനൂൽ സബ്സിഡി, ആധുനിക ഡിസൈനുകൾ കമ്പ്യൂട്ടറുകളുടെ സഹായത്തോടെ തറികളിൽ വരുത്താനുതകുന്ന സാങ്കേതികവിദ്യ, തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം, ഹാന്റെക്സിനും ഹാൻവീവിനും ഓഹരിപങ്കാളിത്തമായി കൂടുതൽ തുക അനുവദിക്കുക, ഹാന്റക്സിന്റെ നവീകരണ നടപടികൾ, ഹാൻവീവിന് പലിശ സബ്സിഡി, വിശേഷ അവസരങ്ങളിൽ വിൽപ്പന നടത്തുന്ന തുണികൾക്ക് 20% സർക്കാർ റിബേറ്റ് എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രോജക്ട് പാക്കേജ് പദ്ധതി, ഹൗസ്-കം-വർക്ക്ഷെഡ് പദ്ധതി, കൈത്തറി ഗ്രാമവികസന പദ്ധതി,

LIBRARY ARCHIVES Kerala Legislative Assembly